

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.ഇ-3-768/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/10/2024
ഇ-മെയിൽ:
dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസിൽ)

2. ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൽപ്പറ്റ വയനാട്.

3. ഓഫീസ് പകർപ്പ്.

നമ്പർ:
കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.ഇ-3-768/2024

തീയ്യതി: 01/10/2024

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-06-2023 മുതൽ 23-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ

മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അഗസ്റ്റ്യൻ ഒ. കെ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	24-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഷഹീൻ പി., ഓഡിറ്റ് ഓഫീസർ
ശ്രീ. സമീർ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത ടി. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. വിപിൻ ചന്ദ്രൻ എം. ടി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജസ്റ്റിൻ ബേബി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ എം.കെ ജയൻ	സെക്രട്ടറി	01-04-2023	30-04-2023
ശ്രീമതി ഷിജി.പിപി	സെക്രട്ടറി	01-05-2023	18-07-2023
ശ്രീ രാജേഷ്.കെ.കെ	സെക്രട്ടറി	19-07-2023	12-11-2023
ശ്രീമതി ഷിജി.പിപി	സെക്രട്ടറി	13-11-2023	25-11-2023
ശ്രീ രാജേഷ്.കെ.കെ	സെക്രട്ടറി	26-11-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അനീഷ് ജോസഫ്	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ഡോ.ഉമേഷ്.പി.കെ	മെഡിക്കൽ ഓഫീസർ, പോരുന്നന്നൂർ	01-04-2023	31-03-2024
ഡോ..ആൻസി	മെഡിക്കൽ ഓഫീസർ, നല്ലൂർനാട്	01-04-2023	31-03-2024
ഡോ..സെയ്ത്	മെഡിക്കൽ ഓഫീസർ പേര്യ	01-04-2023	31-08-2023
ഡോ.ഷീജ	മെഡിക്കൽ ഓഫീസർ പേര്യ	01-09-2023	31-03-2024

ശ്രീമതി ബീന.സി	ശിശുവികസന പ്രോഗ്രാം ഓഫീസർ	01-04-2023	31-03-2024
ഡോ. ശിവദാസൻ	വെറ്റിനറി സർജൻ	01-04-2023	12-06-2023
ഡോ.സന്തോഷ്.പി.കെ	വെറ്റിനറി സർജൻ	13-06-2023	04-02-2024
ഡോ.സുനിൽ.കെ.എസ്	വെറ്റിനറി സർജൻ	05-02-2024	31-03-2024
ശ്രീമതി.അഞ്ജന ബേബി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	10-05-2023
ശ്രീ.കുഞ്ഞമ്മദ്	അസിസ്റ്റന്റ് എഞ്ചിനീയർ	11-05-2023	19-07-2023
ശ്രീമതി.രസിത	അസിസ്റ്റന്റ് എഞ്ചിനീയർ	20-07-2023	31-03-2024
ശ്രീമതി ശ്രീലേഖ	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ ദ്വരൈസ്വാമി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി.അർച്ചന ആനന്ദ്	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ. അനിൽ കുമാർ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	03-01-2024
ശ്രീമതി രജനി എം.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	04-01-2024	23-02-2024

ശ്രീ വിനോദ് പി ജെ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	24-02-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.	1-1-2
4	പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.	1-1-3
5	വാടക - ഡിമാന്റ്, കളക്ഷൻ,നിക്കീയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-4
6	വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-1-5
7	ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-1-6
8	ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-7
9	കുടിശ്ശിക തുകയ്ക്ക പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-8
10	ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല.	1-1-9
11	ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.	1-1-10
12	B-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അക്കൗണ്ട് ഹെഡിൽ ബാധ്യതയായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത വിശദീകരിച്ചിട്ടില്ല	1-1-11
13	ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല	1-1-12
14	അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവുന്ന രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.	1-1-13

15	മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-14
16	വാർഷിക കണക്ക് B-4 ഷെഡ്യൂൾ B-17 ഷെഡ്യൂൾ എന്നിവ പ്രകാരവും ഉള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-15
17	വിവിധ ഫണ്ടുകളുടെ ചെലവ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മന്റ്, വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല	1-1-16
18	ബജറ്റ്	1-2
19	വരവ് ചെലവ് വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
20	ഫണ്ട് വിനിയോഗം	1-4
21	പദ്ധതി അവലോകനം	1-5
22	ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി	1-6
23	ക്യാഷ് വെരിഫിക്കേഷൻ	1-7
24	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
25	ആഭ്യന്തര നിയന്ത്രണം	1-9
26	ഗുണഭോക്തൃ വിഹിതം അടവാക്കിയതിലെ കാലതാമസവും മറ്റ് അപാകതയും	1-10
27	മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് -വാടക ഈടാക്കിയട്ടില്ല- പഞ്ചായത്തിന് 48,616/-രുപയുടെ നഷ്ടം	1-11
28	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-12
29	ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് - മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായതിലും അധികം തുക അനുവദിച്ചു.	1-13
30	ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി - ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും, ഭൂനികുതി അടവാക്കാത്തതും സംബന്ധിച്ച്	1-14

31	ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.	1-15
32	നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭ്യമായിട്ടില്ല.	1-16
33	കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല	1-17
34	ഈവനിംഗ് ഒ.പി യ്ക്ക് വേണ്ടി നിയമിച്ച ഡോക്ടറുടെ ശമ്പളത്തിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.	1-18
35	കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവിൽ തുക നൽകൽ ക്രമീകരിക്കുന്നതിലെ അപാകങ്ങൾ	1-19
36	ഗ്രാമവണ്ടി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-20
37	പൊരുന്നന്നൂർ സി. എച്ച്. സി. ലാബിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ അനുബന്ധ സൗകര്യം ഒരുക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ₹42290 ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
38	ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഒരുക്കൽ - സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയിട്ടില്ല	1-22
39	വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ₹1,49,970 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
40	യാത്രാബത്ത മുൻകൂർ ക്രമീകരിച്ചിട്ടില്ല.₹20,000 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു.	1-24
41	മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പരിസരത്തെ മണ്ണ് മാറ്റൽ അനുമതിക്ക് ജിയോളജി വകുപ്പിന് തുക നൽകുന്നത് - വികസനഫണ്ട്	1-25

	ചെലവഴിക്കാതെ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു.₹2,35,563 ചെലവ് തടസ്സപ്പെടുത്തുന്നു.	
42	തനത് ഫണ്ട് വിനിയോഗത്തിലെ അപാകങ്ങൾ	1-26
43	കുന്നുമ്മൽ അങ്ങാടി പകൽവീട് കെട്ടിടം - ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം അപാകതകൾ	1-27
44	പി എം എ വൈ ജനറൽ ഭവനനിർമ്മാണ പദ്ധതി - ആധാർ നമ്പർ തെറ്റായി രേഖപ്പെടുത്തിയത് കാരണം തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന് 72,000 അധിക ചെലവ് - തുക തടസ്സപ്പെടുത്തുന്നു.	1-28
45	പി.എം.എ.വൈ ഭവന നിർമ്മാണം അവലോകനം	1-29
46	പ്രൈസ് 3 സോഫ്റ്റ്വെയർ-പൂർണ്ണമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.	1-30
47	മരാമത്ത് പ്രവൃത്തികൾ -പൊതു അപാകങ്ങൾ	1-31
48	മുത്തുമാരി സാംസ്കാരിക നിലയം നിർമ്മാണം - പൂർത്തിയാക്കിയ കെട്ടിടത്തിൽ ചോർച്ച ₹12,88,441ചെലവ് തടസ്സപ്പെടുത്തുന്നു.	1-32
49	പഴശ്ശി സാംസ്കാരിക നിലയം പള്ളിക്കൽ - എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകി-കെട്ടിടത്തിലേക്ക് നിലവിലും പ്രവേശനമാർഗ്ഗമില്ല 4,49,062 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstracts Of Annual Financial Statement	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെ സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ര ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20/06/2024 തീയതിയിലെ 5 തീരുമാനം പ്രകാരം അംഗീകരിച്ച് 21/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർ ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 19 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങ ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാ കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റ് ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്ര പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരി വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർ ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുക പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാ പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റു വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡ

ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകു ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനു റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രിക 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.20 സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കൽപ്പറ്റ
തീയതി:01.10.2024

സീനിയർ ഡെപ്യൂട്ടി ഡയറ
ജില്ലാ ഓഡിറ്റ് കാര്യാലയം, വ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രിക അടിസ്ഥാന അനുപാതങ്ങൾ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. ഓഡിറ്റിന് സമർപ്പിച്ച 2023-24 വർഷത്തെ വാർ കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിന്മേലുള്ള കുറിപ്പ സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിലെ മുന്നി നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ	₹1,29,21,844
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം	₹1,04,18,392

1-1-3 പ്രതിമാസ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് പ്രതിമാസ ധനകാര്യ പ തയ്യാറാക്കിയിട്ടില്ല.

1-1-4 വാടക - ഡിമാന്റ്, കളക്ഷൻ,നിക്കീയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വാടക ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വാടക	ഡിമാന്റ്		കളക്ഷൻ		ബാലൻസ്	
	തൻവർഷം	കുടിശ്ശിക	തൻവർഷം	കുടിശ്ശിക	തൻവർഷം	കുടിശ്ശിക
വാടക ഡിമാന്റ് രജിസ്റ്റർ	1731792	-----	1230014	------	----------	---------
വാർഷിക കണക്ക്	1142515	828428	260100	670050	156080	659663

1-1-5 വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാടകയിനത്തിൽ വാർഷിക കണക്കുകളിൽ ഖണ്ഡിക 1-1-4 ൽ പരാമർശിക്കും പ്രകാരം കുട ഉണ്ടെങ്കിലും, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-1-6 ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്ക് B-7 ഷെഡ്യൂൾ പ്രകാരവും, B-18 ഷെഡ്യൂൾ പ്രകാരവും ഡെപ്പോസിറ്റ്, അഡ്വാൻസ് എ ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നീ ഇനങ്ങളിലെ വരവ്, ചെലവ്, നിക്കീയിരിപ്പ് എ സംബന്ധിച്ച് കൃത്യത പരിശോധിക്കാൻ അവശ്യമായ രേഖകൾ/രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

1-1-7 ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജറുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവു ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-8 കുടിശ്ശിക തുകയ്ക്ക പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-15 പ്രകാരം വാടക ഇനത്തിൽ കുടിശ്ശിക ഉണ്ട്. 26/7/2011 – ലെ സർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം58(4)(എച്ച്) എ പ്രകാരം നികുതി, നികുതിയേതര കുടിശ്ശിക എന്നിവയുടെ ലഭ്യത സംശയാസ്പദമായ വർഷാടിസ്ഥാനത്തിൽ കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കുടിശ്ശിക തുകയുടെ കൃത്യത രേഖപ്പെടുത്തിയിട്ടില്ല. അപ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊവ രേഖപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-9 ഇ ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഇ ടെണ്ടർ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയ

കാണുന്നില്ല.

1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ആസ്തി രജിസ്റ്റ വിട്ടുകിട്ടിയ ഭൂമികളുടെ വിവരം പൂർണ്ണമല്ല)

1-1-11 B-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അക്കൗണ്ട് ഹെഡിൽ ബാധ്യതയായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത വിശദീകരിച്ചിട്ടില്ല

B-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന അക്കൗണ്ട് ഹെഡിൽ ബാധ്യതയായി കാണിച്ചിട്ടുള്ള തുകക കൃത്യത വ്യക്തമല്ല.

അക്കൗണ്ട് ഹെഡ്	ഇനം	തുക
350300106	Government And Other Dues Payable – Revenue Recovery	28,676
350300109	Government And Other Dues Payable – Revenue Recovery Refund Of Unutilised Grants Prior Period	10,27,462
350800199	Other Creditors	1,55,96,767
350800299	Other Liabilities	50,88,444

മേൽ ബാദ്ധ്യത ഹെഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ യഥാർത്ഥത്തിൽ സർക്കാരി അടവാക്കാനുള്ള തുകയാണോ, തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള തുകയാണോ വ്യക്തമാക്കേണ്ടതാണ്. സർക്കാരിലേക്ക് അടവാക്കാനുള്ള തുകയാണെങ്കിൽ സർക്കാരിലേക്ക് അട അറിയിക്കേണ്ടതാണ്.

1-1-12 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല

ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പ് ഓരോ മാസത്തിന്റേയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്ര അക്കൗണ്ട് ബാലൻസ് സ്റ്റേറ്റുമെന്റുകളിലെ നീക്കിയരിപ്പുമായി പൊരുത്തപ്പെടുത്തേണ്ട പൊരുത്തപ്പെടുത്തൽ പ്രക്രിയ പൂർത്തിയാക്കി കഴിഞ്ഞാൽ അടുത്ത മാസം 5-ാം തീയതി അക്കൗണ്ടന്റ്, ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെ പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായ ഇത്തരത്തിലുള്ള പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പകരം ബാങ്ക് സ്റ്റേറ്റ്മന്റ് മാത്രമാണ് ഓഡ ഹാജരാക്കിയിട്ടുള്ളത്.

1-1-13 അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത ഉറപ്പ് വരുത്താവ രീതിയിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.

ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തത് ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

1-1-14 മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതി ഭരണചെലവിന് തൻവർഷം ലഭിച്ച തുകകളും വിനിയോ തുകകളും, ഇതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-15 വാർഷിക കണക്ക് B-4 ഷെഡ്യൂൾ B-17 ഷെഡ്യൂൾ എന്നിവ പ്രകാരവും ഉള്ള തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് B-4 ഷെഡ്യൂൾ B-17 ഷെഡ്യൂൾ എന്നിവ പ്രകാരവും ഉള്ള തുകകൾ പൊരുത്തപ്പെടുന്നി

B-4 ഷെഡ്യൂൾ	B-17 ഷെഡ്യൂൾ	വ്യത്യാസം
94,45,204 (CFC Grant Tied)+1,06,31,512 (CFC Grant Un Tied)= 2,00,76,716	2,11,87,440	11,10,724

കൂടാതെ വാർഷിക കണക്ക് B-4 ഷെ പ്രകാരം നിക്ഷീയിരിപ്പ് ഉള്ള മറ്റ് ഫണ്ടുകൾക്കും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം പ്രത്യേക അക്കൗണ്ട് സൂക്ഷിക്കാത്തതിനാൽ ബാധ്യത തുകയും അക്കൗണ്ടിലെ നീക്കിയിരുപ്പും ത വ്യത്യാസമുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-16 വിവിധ ഫണ്ടുകളുടെ ചെലവ് വിവരം ഗ്രാന്റ് സ്റ്റേറ്റ്മന്റ്, വാർഷികകണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ടിനം	വാർഷിക കണക്ക്	ഗ്രാന്റ്സ്റ്റേറ്റ്മന്റ്/ ചെലവ് പത്രിക	വാർഷിക കണക്കും, ചെലവ് പത്രിക തമ്മിലുള്ള വ്യത്യാസം
കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്	40,49,430	62,47,588	21,98,158
കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	15,30,697	60,13,958	44,83,261

1-1-1 മുതൽ 1-1-16 വരെയുള്ള വാർഷിക കണക്ക് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതി നൽകിയ ഓഡിറ്റ് എൻകയറിക്ക് (6/29-07-2024)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച്

സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

16-07-2023 തീയതിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് 29.03.2023 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്ര അംഗീകരിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

ബജറ്റ്	
മുൻബാക്കി	₹17,13,521
വരവ്	₹90,11,17,541
ആകെ	₹90,28,31,062
ചെലവ്	₹90,19,77,541
നീക്കിബാക്കി	₹8,53,521

ബജറ്റിൽ പ്രതീക്ഷിച്ചതിലും വളരെ കുറഞ്ഞ തുകകളാണ് യഥാർത്ഥ വരവ് ചെലവുകൾ. എ പുതുക്കിയ ബജറ്റ് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തതായി കാണുന്നില്ല.

1-3 വരവ് ചെലവ് വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	5,04,40,053
വരവ്	10,51,82,719

ആകെ	15,56,22,772
ചെലവ്	9,47,64,327
നീക്കിയിരിപ്പ്	6,08,58,445

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്/ അലോട്ട്മെന്റ്	ആകെ	ചെലവ്	വിനിയോഗിക്കാൻ ബാക്കി/ലാപ്സായ തുക
വികസന ഫണ്ട് -ജനറൽ	0	4,63,63,000	4,63,63,000	3,51,64,293	1,11,98,707
വികസന ഫണ്ട്- എസ്.സി.പി	0	41,87,000	41,87,000	27,75,700	14,11,300
വികസന ഫണ്ട്- ടി.എസ്.പി	0	3,41,06,000	3,41,06,000	2,31,80,763	1,09,25,237
മെയിന്റനൻസ്, നോൺ-റോഡ്	0	71,97,400	71,97,400	64,54,021	7,43,379

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied (AFSപ്രകാരം)	77,36,634	57,58,000	1,34,94,634	40,49,430	94,45,204
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Untied (AFS പ്രകാരം)	41,14,352	76,77,000+ 3,70,857= 80,47,857	1,21,62,209	15,30,697	1,06,31,512

സെൻട്രൽ ഫിനാൻസ്, കമ്മീഷൻ ഗ്രാന്റ് - Tied സെൻട്രൽ ഫിനാൻസ്, കമ്മീഷൻ ഗ്രാന്റ് - U
എന്നിവയുടെ ചെലവ് (ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മന്റ് എന്നിവ പ്രകാരം) യഥാക്രമം 60,13,958 62
എന്നിങ്ങനെയാണ് രേഖപ്പെടുത്തിയത്. വ്യത്യാസത്തിനുള്ള കാരണം അറിയിക്കേണ്ടതാണ്. സെ
സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് പ്രോഗ്രാം എന്നിവയുടെ കൃത്യമായ വിവരങ്ങൾ ഗ്
സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആയവയുടെ വരവു ചെലവുകളുടെ കൃ
പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെശതമാനം
134	79	55	58.95

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	ശിശുവികസന പ്രോഗ്രാം ഓഫീസർ	3	2	20,00,000	19,00,000	95
2	സെക്രട്ടറി	30	19	16,01,46,931	3,88,86,928	24.28
3	മെഡിക്കൽ ഓഫീസർ അലോപ്പതി	9	9	1,11,50,000	1,02,92,678	92.31
4	പട്ടികജാതി വികസന ഓഫീസർ	1	1	15,50,000	11,80,000	76.13
5	പട്ടികവർഗ്ഗ വികസന ഓഫീസർ	1	0	2,00,000	0	0
6	അസിസ്റ്റന്റ് ഡയറക്ടർ കൃഷി	1	1	22,50,000	22,50,000	100
7	സീനിയർ വെറ്റിനറി സർജൻ	4	4	1,00,00,000	80,60,023	80.60

8	വ്യവസായ വികസന ഓഫീസർ	1	1	4,00,000	2,00,000	50
9	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	1	0	42,60,400	0	0
10	അസിസ്റ്റന്റ് എഞ്ചിനീയർ	83	42	6,12,60,688	2,24,01,181	36.57
	ആകെ	134	79	25,32,18,019	8,51,70,810	33.64

1-6 ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി ബ്ലോക്ക് പഞ്ചായത്തിന് കനറാബാ അക്കൗണ്ട് നിലവിൽ ഉണ്ട്. അഡ്മിനിസ്ട്രേഷൻ ഫണ്ട് ഇനത്തിൽ ലഭിച്ച തുകകളും അവയുടെ ചെലവു വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴി പദ്ധതിയിനത്തിൽ ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

വരവ്	തുക	ചെലവ്	തുക
മുന്നിരിപ്പ്	15,22,083	ബ്ലോക്ക് പഞ്ചായത്ത് മുൻകൂർ തിരികെ നൽകിയത്	38,10,709
ഭരണചെലവ് (Efms)	24,41,739	നീക്കിയിരിപ്പ് തുക തിരികെ അടവാക്കിയത്	1,63,223
ബ്ലോക്ക് പഞ്ചായത്ത് മുൻകൂർ നൽകിയത്	33,26,245	ഭരണചെലവ്	34,81,425
മറ്റ് വരവുകൾ	1,42,400		

പലിശ വരവ്	22,890	നീക്കിയിരിപ്പ്	0
ആകെ	74,55,357		74,55,357

മുഴുവൻ കണക്കുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 24/07/2024 ന് ഉച്ചയ്ക്ക് 12.15 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടാ ഡേബുക്ക് പ്രകാരം ക്യാഷ് നീക്കിയിരിപ്പില്ല. എന്നാൽ സാംഖ്യ ക്യാഷ് ബുക്കിൽ 2,43,262/- നിക്കീയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ 2,43,262/- രൂപ നിക്കീയിരിപ്പായി കാണിച്ചതിന് കാ അന്വേഷിച്ചതിൽ കോൺട്രാ എൻട്രി രേഖപ്പെടുത്താത്തതിനാലാണ് ക്യാഷ് ബുക്ക നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുള്ളത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തി നീക്കിയിരിപ്പില്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നമ്പർ	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
1	പെർഫോമൻസ് ഓഡിറ്റ്	22.10.2018 മുതൽ 26.10.2028 വരെ	2015-16 മുതൽ 2018-19 വരെ	16.08.2019
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.03.2019 മുതൽ 25.03.2019 വരെ	01.01.2016 മുതൽ 31.12.2018 വരെ	06.05.2019

1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവം ഉണ്ട്. ഓഡിറ്റ് വർഷം ഒരുതവണ സ്റ്റാഫ് മീറ്റിംഗ് കൂടിയിട്ടില്ല. ഇത് കാരണം ഓഫീസിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും സാധിച്ചിട്ടില്ല. പി.എം.എ.വൈ ഭവനപദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി പ്രതിമാസ അവലോകനയോഗം ചേരാറുണ്ട്. ബിൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, അസറ്റ് രജിസ്റ്റർ മുതലായവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. കുടിശ്ശിക തുക അനുവദിക്കുന്നതിൽ പ്രസ്തുത തുക മുൻകാലങ്ങളിൽ അനുവദിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ല. യാഥാർത്ഥ ബില്ലുകൾ സമർപ്പിക്കാതെ തുകകൾ അനുവദിച്ചതായി കാണുന്നു. യാത്രാബത്ത തുകകൾ അനുവദിക്കുമ്പോൾ യാത്രഡയറി തന്നെ ബില്ലായി കണക്കാക്കി തുക അനുവദിക്കുന്നതായി കാണുന്നു.

രജിസ്റ്ററുകൾ, രേഖകൾ, എന്നിവ കൃത്യമായി തയ്യാറാക്കേണ്ടതും സ്റ്റാഫ് മീറ്റിംഗ് അതാത് മാസങ്ങളിൽ യോഗം ചേർന്ന് പ്രവർത്തന പരോഗതി വിലയിരുത്തി തീരമാനങ്ങൾ എടുക്കേണ്ടതുമാണ്.

1-10 ഗുണഭോക്തൃ വിഹിതം അടവാക്കിയതിലെ കാലതാമസവും മറ്റ് അപാകതയും

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2 (ബി) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന രസീത് സെക്രട്ടറി നൽകുന്ന രസീതിൽ നിന്ന് വ്യത്യസ്തമായിരിക്കേണ്ടതും അത് അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതുമായിരിക്കണം. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിന് വേണ്ടിയുള്ള രസീത് ബുക്കുകൾ നിർദ്ദിഷ്ട ഫോറത്തിൽ സെക്രട്ടറി അച്ചടിപ്പിച്ച് നൽകേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ മാനന്തവാടി വെറ്ററിനറി സർജൻ നടപ്പിലാക്കിയ മാനന്തവാടി ബ്ലോക്കുല മൊബൈൽ വെറ്റിനറി സർവ്വീസ് എന്ന പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്ന് 10 രൂപാ വീതം ഗുണഭോക്തൃ വിഹിതം ആയി തൻ വർഷം 14200/- രൂപ ഈടാക്കുകയും, ആയത് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി പദ്ധതി ചെലവിനായി ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി മാനന്തവാടി കോ-ഓപ്പറേറ്റീവ് പ്രിന്റിംഗ് പ്രസ്സിൽ നിന്ന് കൂപ്പൺ എന്ന രീതിയിൽ അച്ചടിച്ച് ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിന്റെ സ്റ്റോക്ക്/വിതരണ വിവരം പരിശോധിക്കുന്നതിനായി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് മാസങ്ങൾക്ക് ശേഷമാണ് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്നത്. പിരിച്ചെടുത്തതിന്റെയും അടവാക്കിയതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

പിരിച്ചെടുത്ത കാലയളവ്	അടവാക്കിയ തീയതി / രസീത് നമ്പർ	തുക
11/09/23 മുതൽ 23/11/2023 വരെ	24/11/2023//123020100048	9850
24/11/23 മുതൽ 11/12/2023 വരെ	12/12/2023/123020100053	2850
12/12/23 മുതൽ 21/12/2023 വരെ	21/12/2023/123020100055	1500
ആകെ		14200

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 23പ്രകാരം കാഷ്, മണിയോർഡർ, ഡ ഡാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത് പഞ്ചായത്തിൽ അടവാക്കിയത് മാസങ്ങൾക്ക് ശേഷമാണ്. പണം ബ്ലോക്ക് പഞ്ചായത്ത് ഫ അടവാക്കിയതിലുള്ള കാലതാമസത്തിന് കാരണവും, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥന് അക്കൗ മാന്വലിൽ നിർദ്ദേശിച്ച ഫോറത്തിൽ ഉള്ളതു പ്രകാരം രസീത് അച്ചടിച്ച് നൽകാത്തതിനും കാ വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (21/31/07/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-11 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് -വാടക ഈടാക്കിയട്ടില്ല- പഞ്ചായത്തിന് 48,616/-രൂപയുടെ നഷ്ടം

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വനിത ഗ്രൂപ്പുകൾക്ക് വിപണന ക നടത്തുന്നതിനായി 10 മുറികൾ വരുന്ന കെട്ടിടത്തിൽ നിന്നുള്ള വാടക പിരിവിലെ ന്യൂനതകൾ പറയുന്നു.

1) വാടക ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് ത്വാഹാ കുടുംബശ്രീ 2023-24 സാമ്പത്തിക വർഷം അടവാക്കാനുള്ളതായി കാണുന്നു.

റും നമ്പർ	ഉടമ	കുടിശ്ശിക (ജി.എസ്.ടി ഉൾപ്പടെ)
1	ത്വാഹാ കുടുംബശ്രീ	48,616 (1/24 - 2/24)

വെള്ളം സംബന്ധിച്ച പ്രശ്നങ്ങൾ കാരണം തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്തത് ജനുവരി,ഫെബ്രുവരി മാസങ്ങളിലെ വാടകയിൽ ഇളവ് നൽകുവാൻ ഭരണസമിതി അപേക്ഷിച്ചെങ്കിലും 26/09/24 -ാം തീയ്യതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം ത്വാഹാ കുടുംബശ്രീയിൽ വാടക ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പിരിച്ചെടുക്കാത്തതിന് വിശദീകരണവും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കാനും നൽകിയ ഓഡിറ്റ് അന്വേഷണ (17/30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രണ്ട് മാസങ്ങളിലെ വാടക ഈടാക്കാതെ അതെ ഉടമസ്ഥൻ തുടർ പോന്നുവരുന്നതിനാൽ പഞ്ചായത്തിന് 2023-24 വാടക ഇനത്തിൽ 48616/-രൂപയുടെ നഷ്ടം സംഭവിച്ചി കെട്ടിട ഉടമയിൽ നിന്ന് പിഴയടക്കം കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ 7-ാം നമ്പർ മുറി ഒഴിഞ്ഞ് കിടക്കുന്നതായി കാണുന്നു കെട്ടിടത്തിൽ നിർമിച്ചിട്ടുള്ള മുഴുവൻ മുറികളും വാടകയ്ക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(17/30.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി മുറി ലേലം നടത്തേണ തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ആസ്തികൾ ഫലപ്രദ വിനിയോഗിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ നടപട സ്വീകരിക്കേണ്ടതും വാടക കുടിശ്ശിക സമയബന്ധിതമായി ഡിമാന്റ് ചെയ്ത ഈടാക്കുന്നതിനുള്ള നടപട സ്വീകരിക്കേണ്ടതാണ്.

1-12 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ/പേര് -19/23 , പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവഹണ ഉദ്യാഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ
അടങ്കൽ-1550000/-വികസന ഫണ്ട് (എസ്.സി.പി)
ചെലവ്- 1180000/-
ഒരു ലക്ഷം രൂപവരെ വാർഷികവരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് നിലവിലുള്ള വീട് ഭാഗമായി 120 ചതുരശ്രയടി വിസ്തീർണമുള്ള പഠനമുറി നിർമിക്കുന്നതിന് മേൽ പദ്ധതി പ്രകാരം 2 ലക്ഷ

വരെ ലഭിക്കന്നതാണ്.
പട്ടികജാതി വികസന ഓഫീസർ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം പദ്ധതിയിൽ ആകെ ഉണ്ടായിരുന്ന 9 ഗുണഭോക്താക്കളിൽ 2 പേർ മാത്രമാണ് നിർമ്മ പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കി 7 പേർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിതായി കാണുന്നില്ല. കൈപ്പറ്റിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്	പണം നൽകിയതിന്റെ വിവരം
1	വൈഗ.കെ.ആർ D/O രവി.കെ.കെ	30000/29.11.23(1st Instalment) 60000/08.01.2023(2nd Instalemt)
2	നിവേദിത D/O രമേഷ്	30000/01.12.23(1st Instalment) 60000/18.12.2023(2nd Instalemt) 80000/08.01.2024 (3rd Insalment)
3	ദേവനന്ദൻ.സി.എസ്. S/O സനിൽ കുമാർ	30000/01.12.23(1st Instalment) 60000/18.12.2023(2nd Instalemt) 80000/06.01.2024 (3rd Insalment)
4	പ്രത്യുൻ വിനായക് S/O രഘു.കെ.ഇ	30000/01.12.23(1st Instalment) 60000/15.12.2023(2nd Instalemt) 80000/06.01.2024 (3rd Insalment)
5	അഭിനവ്.കെ.എസ് S/O സതീഷ്.കെ.എസ്	30000/01.12.23(1st Instalment) 60000/15.12.2023(2nd Instalemt) 80000/06.01.2024 (3rd Insalment)

6	സാനുപ്രിയ സാജു D/O സാജു.എം.ബി	30000/13.12.23(1st Instalment) 60000/10.01.2024(2nd Instalemt) 80000/15.02.2024 (3rd Insalment)
7	തീർത്ഥ ലിനീഷ് D/O നിമിഷ.കെ.എം	30000/26.12.23(1st Instalment) 60000/16.01.2024(2nd Instalemt)
8	അനന്യ	75000/18.11.23 (3 Rd Installment)
9	ജയപ്രകാശ്	75000/18.11.23 (3 Rd Installment)
	ആകെ	1180000

ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ക്രമ നം 1 മുതൽ 7 വരെയുള്ള ഗുണഭോക്താക്കൾ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്.എന്നാൽ ക്രമനം.7,8 എന്നീ ഗുണഭോക്താക്കൾ കഴ വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടവരാണ്.ടി ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തികരിച്ചതിന് ഓവർ പ്രൊജക്റ്റ് വഴി നൽകേണ്ട തുക ഈ വർഷത്തെ പദ്ധതിയിലാണ് നൽകിയത്.അപ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ക്രമ നം 1 മുതൽ 7 വരെയുള്ള ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തിയാകത്തതിന്റെ കാരണ നിലവിലെ സ്ഥിതിയും അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/29.07.24) മ ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി ഓഡി അറിയിക്കുന്നതുവരെ ചെലവു തുകയായ 1030000/-രൂപ തടസത്തിൽ വെക്കുന്നു. പഠനമുറി നിർമ്മ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, പൂർത്തീകരിക്കു സാധിക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കും ചെയ്യേണ്ടതാണ്.

1-13 ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് - മാർഗ്ഗ രേഖ പ്രകാരം അനുവദനീയമായതിലും അധികം തുക അനുവദിച്ചു.

പ്രോജക്ട് നമ്പർ/ പേര്	25/23 , ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
നിർവഹണ ഉദ്യാഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ-	60,00,000/-വികസന ഫണ്ട് (പൊതുവിഭാഗം
ചെലവ്-	54,75,598/-

ക്ഷീരസംഘത്തിൽ പാൽ നൽകുന്ന ക്ഷീരകർഷകന് ഒരു ലിറ്ററിന് 3 രൂപ തോതിൽ ധനസഹ നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. സബ്സിഡി തുക ക്ഷീരകർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു.സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.115/2022, 28.05.22 ലെ ഉ അനുസരിച്ച് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ഒരു വ നല്കാവുന്ന പരമാവധി തുക 40,000 രൂപയാണ്. സബ്സിഡി അനുവദിച്ച രേഖകൾ പരിശോധിച്ചതിൽ ബ പഞ്ചായത്തിൽ നിന്നും സബ്സിഡി അനുവദിച്ച ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തിൽ നി വിഹിതവും, ഗ്രാമപഞ്ചായത്ത് മുഖേന ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ അധികം അനുവദിച്ചതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് /ബാങ്ക് അക്കൗണ്ട് നമ്പർ	**ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച സബ്സിഡി (ബിൽ റഫറൻസ് നമ്പർ 23180652021**	**എടവക ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച സബ്സിഡി (ബിൽ റഫറൻസ് നമ്പർ 23180652021000604768 തീ29.09.2023, 23180652021001491022 തീ 24.03.24**	**ജില്ലാ പഞ്ചായത്ത് വിഹിതം (ബിൽ റഫറൻസ് നമ്പർ 23180652021 001548309 തീ 25.03.2024)**	**ആകെ**	**അധ നല്കി**

	000775545 തീ 10.11.2023)				
അമൃത് ജോതിഷ് (IFSC:FDRL0001442) അക്കൗണ്ട് നം - 14420100197049	15,384	21,407 (16,206 + 5,201)	8,410	45,201	5,201

ഗ്രാമപഞ്ചായത്തിൽ നിന്നും തുക വകയിരുത്തിയതിന്റേയും ഗുണഭോക്താവിന് ആനുക നല്കിയതിന്റേയും വിവരം പരിശോധിക്കാതെ പരിധിയിൽ കവിഞ്ഞ് തുക നൽകിയതിന് വിശദീക ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/31.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ന തുക ഗുണഭോക്താവിൽ നിന്നോ അല്ലാത്തപക്ഷം 5,201/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നി ഈടാക്കേണ്ടതാണ്.

മാർഗ്ഗരേഖ അനുസരിച്ച് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് ലിറ്ററിന് 3 രൂപയാണ് പരാമാവധി ലഭിക്കുക. മേൽ പരാമർശിച്ച ഗുണഭോക്താവ് നൽകിയ പാലിന്റെ അ വ്യക്തമല്ല. ആയതിനാൽ ടിയാന്റെ പാലിന്റെ അളവ് ലഭ്യമാക്കേണ്ടതും അധികമായി നൽകിയുട്ടുണ്ടെങ്കിൽ തിരിച്ച് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റുമായി ഒത്തുനോക്കി സബ്സിഡി അധികം അനുവദിച്ചിട്ടുണ്ടോ പരിശോധിച്ച് തുക അധികം നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനുള്ള നടപട സ്വീകരിക്കേണ്ടതാണ്.

1-14 ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി - ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തത ഭൂനികുതി അടവാക്കാത്തതും സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ 2 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ചെസ്റ്റ് പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിൽ വിവിധ പദ്ധതികൾക്കായി വിട്ട് കിട്ടിയതും, സ്വയം ആർജ്ജിച്ചതുമായ ഭൂമിക ഡോക്യുമെന്റൻസ് സൂക്ഷിച്ചതായി കണ്ടു. എന്നാൽ പ്രസ്തുത ഭൂമികൾ ആസ്തി രജിസ്റ ഉൾപ്പെടുത്തിയതിന്റെയും, റവന്യൂ വകുപ്പിൽ ഭൂനികുതി അടവാക്കിയതിന്റെയോ വിശദാംശം ല വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമനം	വില്ലേജ്	ആധാരം നമ്പർ	പഴയ സർവേ നമ്പർ	റീസർവേ നമ്പർ	സ്ഥല ലഭ്യമായ വർഷം	സ്ഥല വിസ്തീർണ്ണം ഹെക്ടർ	വിട്ടുകിട്ടിയതിന്റെ/ വാങ്ങിയതിന്റെ ആവശ്യകത	ആസ്തി രജിസ്റ്റ പ്രകാ നിലവ സ്ഥിര
1	എടവക	910/01/ 2020	429/16	24/IC	2020 ജൂൺ 19	0.0121	എടവക -ചായിമ്മൽ കോളനി വനിത സമുച്ചയം	
2	തവിഞ്ഞാൽ	693/ 2020	-----	35/2	2020 ഫെബ്രുവരി 26	0.0121	44-ാം മൈൽ പാടശേഖര സമതിക്ക് കുള നിർമ്മാണം	
3	പേര്യ	299/ 2018	-----	176/193	2018 ഫെബ്രുവരി 01	0.0121	തവിഞ്ഞാൽ - ഊരുക്കൂട്ട് ഭവൻ	
4	പൊരന്നന്നൂർ	2224/ 2018	60/3	244/32	2018 നവംബർ 07	0.0202	വെള്ളമുണ്ട കട്ടയാട് പകൽവീട് –	ആസ്തി രജിസ്റ്റ ബിൽ(

5	പൊരന്നന്നൂർ	1367/2018	304/2B, 2A,2A	236/4	2018 ജൂൺ 30	0.0101	വെള്ളമുണ്ട മഴുവന്നൂർ പകൽവീട്	-
6	വെള്ളമുണ്ട	2421/2018	622/1A	170/27	2018 ഡിസംബർ 12	0.0141	വെള്ളമുണ്ട നാരോക്കടവ് എസ്.ടി കുടുംബശ്രീ കൾക്ക് സമുച്ചയം	–
7	വാളാട്	2438/2019	-----	51/2	2019 സെപ്തംബർ 20	0.0081	തവിഞ്ഞാൽ -കോട്ടക്കൊല്ലി കുറച്ചികുന്നേൽ കുളം	
8	മാനന്തവാടി	47/2011	-----	124/1	2011ജനവരി 04	0.0202	മാനന്തവാടി കരുണാകരൻ മെമ്മോറിയൽ ഹാൾ	- ആസ്തി രജിസ്റ്റ ബിൽ(

9	തൃശ്ശിലേരി	6036/2010	-----	111/1C	2010 നവംബർ25	0.0202	തിരുനെല്ലി - തൃശ്ശിലേരി പി.കെ കാളൻ സ്മാരക ഗോത്ര കലാസമിതി	
10	മാനന്തവാടി	1267/1999	---	47/2A	1999 മാർച്ച് 30	0.4047	മാനന്തവാടി - വരടിമൂല വ്യവസായ പാർക്ക്	ഷീ ഹോസ്റ
11	മാനന്തവാടി	6657/2006	1099/1D	----	2006 ആഗസ്ത് 29	5 സെന്റ്	മാനന്തവാടി - കോട്ടക്കുന്നേൽ ഡ്വാൻസിറാണി മഹിളാസമാജം	
12	പേര്യ	3034/I/2021	----	338/556	2021 ഡിസംബർ 09	0.0040	തവിഞ്ഞാൽ - മുള്ളൻ കുടിവെള്ള പദ്ധതി ആലാറ്റിൽ	
13	തൃശ്ശിലേരി	2208/I/2021	-----	65/16	2021 സെപ്തംബർ	0.0040	തിരുനെല്ലി - തൃശ്ശിലേരി	

					30		മക്കച്ചിറ കോളനി കിണർ	
14	എടവക	135/ 2022/I	243/5	376	2022 ജനവരി 13	0.0800	എടവക -മൂളിത്തോട് പൊതു കളിസ്ഥലം	
15	എടവക	2336/I/2022	223/48	587/2	2022 ജൂലായ് 18	0.0162	തവിഞ്ഞാൽ - ഒഴക്കോടി സാംസ്ക്കാരിക നിലയം	
16	വാളാട്	3139/I/2022	----	253/243	2022 ഒക്ടോബർ 10	0.0061	തവിഞ്ഞാൽ - വനിത തൊഴിൽ പരിശീലന കേന്ദ്രം തോളക്കര	
17	എടവക	2415/I/2022	374/ 414/1A6	179/15	2022 സെപ്തംബർ 03	0.0405	എടവക -മൂളിത്തോട് ബഡ്സ് സ്കൂൾ	

18	പൊരന്നന്നൂർ	1396/I/2020	202	92/22	2020 ഒക്ടോബർ 08	0.0344	വെള്ളമുണ്ട – കട്ടയാട് വനിത സമുച്ചയം	
19	എടവക	732/ 2024	120	74/10	2024 മാർച്ച് 13	0.0080	കല്ലോടി ടൗൺ കുടിവെള്ള പദ്ധതി കിണർ	

ആസ്തി രജിസ്റ്ററിൽ (ലാന്റ്) ഉൾപ്പെട്ട മുഴുവൻ ഭൂമികളുടെയും, (ആസ്തി രജിസ്റ്ററിൽ (ബിൽഡി കെട്ടിടങ്ങൾ ഉൾപ്പെട്ട ഭൂമികളുടെയും) ഭൂനികുതി അടവാക്കിയതായി കാണുന്നില്ല.

1961-ലെ കേരള ഭൂനികുതി നിയമത്തിലെ സെക്ഷൻ 2-ൽ നൽകിയിരിക്കുന്ന ഇളവുകൾക്ക് വിധേയ ഭൂമിയുടെ സ്വഭാവമോ തരമോ പരിഗണിക്കാതെ സംസ്ഥാനത്തിനുള്ളിലെ എല്ലാ ഭൂമികൾക്കും ഭൂനി അടവാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള മേൽ പട്ടികയിൽ ഉ വസ്തുവകകളുടെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ഭൂനികുതി അടവാക്കിയതിന്റെ വിശദ ലഭ്യമല്ല.

ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീ 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി. ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ വ്യക്തമാക്കിയിരുന്നു. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ ഇടവേളകളിൽ അപ ചെയ്യുകയോ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ആസ്തികളുടെ പ്രതിമാസ, അർദ്ധവർഷ, വാർഷിക അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയ നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ നടപടികളുടെ വിശദാംശവും, നിയമാനുസൃത ഭൂനി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽ ഓഡിറ്റ് എൻകൗയറി (2/23-24 തീയതി 26.07.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത ഭൂനി അടവാക്കി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-15 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് ക ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വക നിക്ഷിപ്തമാണ്. **ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള, താലൂക്ക് ആശു പൊരുന്നന്നൂർ, നല്ലൂർനാട്, പേരിയ എന്നീ സി.എച്ച്.സികളുടെ ആശുപത്രി മാനേജിംഗ് ക രൂപീകരിച്ചത് മുതൽ ഉള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**. രോഗികളിൽ വാങ്ങുന്ന ഒ. പി. ടിക്കറ്റ് ചാർജ്, വിവിധ ലാബ് ടെസ്റ്റുകൾക്ക് ഈടാക്കുന്ന തുകകൾ, മറ്റ് വരുമാന എന്നിങ്ങനെ നിലവിൽ എച്ച്.എം.സിയുടെ വരുമാനം വർദ്ധിച്ചതായി കാണുന്നു. എച്ച്.എം.സി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് ചട്ടലംഘനമാണ്. വാർഷിക കണക്ക പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഒ എൻകപയറി (03/23-24/ /26/07/2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിലുള്ള, താലൂക്ക് ആശുപത്രി പൊരുന്നന്നൂർ, നല്ലൂർനാട്, പേരിയ എന്നീ സി.എച്ച്.സ എന്നിവയുടെ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചത് മുതൽ ഉള്ള വാർഷിക കണക്കുകൾ ഓഡ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും, സെക്രട്ടറിയും ശ്രദ്ധിക്കേണ്ടതും സമയബന്ധിത ഹാജരാക്കേണ്ടതുമാണ്.

1-16 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി - ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭ്യമായിട്ടില്ല.

പ്രോജക്ട് നം	12/23
പ്രോജക്ടിന്റെ പേര്	നെൽകൃഷി പ്രോത്സാഹനം കൂലി ചെലവ് സബ്സിഡി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
അടങ്കൽ, ഫണ്ടിനം	22,50,000 (വികസന ഫണ്ട്- ജനറൽ)

ചെലവ്	22,50,000
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് ഡയറക്ടർ, കൃഷി

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട തൊണ്ടർനാട്, വെള്ളമുണ്ട, എടവക, തിരുവ
തവിഞ്ഞാൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് നെൽകൃഷി കൂലി ഇ
സബ്സിഡി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് പദ്ധതി ആവിഷ്ക
നടപ്പിലാക്കിയിട്ടുള്ളത്. 5ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വികസന
(ജനറൽ) നിന്ന് 22,50,000/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാ
ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ Sankhya Web ൽ ബില്ല് സ്റ്റാറ്റസ് പരിശോധിച്ചപ്പോൾ
ഗുണഭോക്താക്കൾക്കും ലഭ്യമാവേണ്ട തുക ലഭ്യമാവാതെ സർക്കാരിലേക്ക് തിരികെ പോയതായി കാണ
വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേര്	**ബിൽ റഫറൻസ് നമ്പർ**	**ഗുണഭോക്താവിന്റെ പേര്**	**ബാങ്ക് അക്കൗണ്ട് നമ്പർ**	**തുക**	**റിമാർക്സ്**
എടവക	23180652018301062622 തീയതി 11/01/2024	എ മാധുരി	130061200421597	857	
		അരുൺ പി ജോസ്	0248101023891	225	
	23180652018301062639	ഹരി എ	204501011000700	360	

	തീയതി 11/01/2024				
		രാജൻ കെ	130051200421949	2,774	
		ഗൗരി അനന്തരാജൻ	1442010000435	1,714	
		കെ സതീശൻ	110589182790	676	
		പ്രകാശ് വി ജെ	32414555569	338	
	23180652018301062652 തീയതി 11/01/2024	രുക്മിനി കുമാരൻ	130321200405298	451	
		ജോയ് പി ജെ	130321200420984	200	
		ജോസ് വർഗ്ഗീസ്	404811010112543	225	
തിരുനെല്ലി	23180452016401087961 തീയതി 18/01/2024	വനജ	218006000002602	2,256	
		രാമകൃഷ്ണൻ കെ.എൻ	0863101012034	451	

തൊണ്ടർനാട്	23180652016701072519 തീയതി 16/01/2024	ഷെല്ലി ഫിലിപ്പ്	40656101005844	996	
വെള്ളമുണ്ട	23180652017501071187 തീയതി 15/01/2024	പേര് വ്യക്തമല്ല	10589185009	---	Incorrect Account
തവിഞ്ഞാൽ	23180452015100990493	ജെറോം	20125958757	457	

കൂടാതെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ 23180452016401088031 എന്ന ബിൽ റഫറൻസിൽ നന മുഹമ്മദ് അസ്ലാം (അക്കൗണ്ട് നമ്പർ - 0133656000000122) എന്ന വ്യക്തിക്ക് 2 പ്രാവശ്യം തുക 3158/- രൂപ ,4016 വീതം ക്രഡിറ്റ് ആയതായി കാണുന്നു. സാംഖ്യ ബില്ലിൽ (മൂസ പി. സി എന്ന വ്യക്തിയുടെ അക്കൗണ്ട് ന 0133656000000122) ആണ്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ ബില്ലിൽ 10589185009 അക്കൗണ്ടിന്റെ ഉടമസ്ഥൻ ആര് എന്ന് വ്യക്തമല്ലാത്തതിനാൽ പ്രസ്തുത വ്യക്തിക്ക് അനുവദിച്ച എത്രയെന്ന് വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പിന്റെ 31.07.2023 ലെ ഡിഎ1 / 264/2023 നമ്പർ സർക്കുലർ പ്ര ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട ഗുണഭോക്താക്ക സ്ഥാപനത്തിന്റെ അക്കൗണ്ടിൽ പോകാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ര പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ട്രഷറി നിജസ്ഥിതി നിർവ്വഹണ ഉദ്യോഗസ്ഥൻ അന്വേഷിച്ച് പിശക് പരിഹരിക്കേണ്ടതാണ്. സർക്കാർ നിർ പാലിക്കാത്തതിനാലാണ് മേൽ അപാകതകൾ സംഭവിച്ചിട്ടുള്ളത് എന്ന് കാണുന്നു. മേൽ അപാക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം രേഖകൾ സഹിതം മ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/29/07/2024)മറുപടി ലഭ്യമാക്കിയിട്ടില്ല. അപ പരിഹരിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭ്യമാക്കുന്നതിനുള്ള ന സ്വീകരിക്കേണ്ടതും, തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-17 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ബ്ലോക്ക്പഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ വാർഷിക കണക്കിലെ ബാലൻസ് ബി-7 പ്രകാരം 49,000/- രൂപ അവശേഷിക്കുന്നുണ്ട്. 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബ സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണിത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്ര ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്ത് നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്ര സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടി മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച തുക മ കൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ബ്ലോക്ക്പഞ്ചായത്ത് ഫണ്ടി മുതൽകൂട്ടേണ്ടതാണ്. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകുയറിക്ക് (4/23 -24 തീയതി 26/07/2024) ന് മ ലഭ്യമാക്കിയിട്ടില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ മുതൽ കൂട്ടാനുള്ള തുക മുതൽ കൂട്ടി രേ സഹിതം അറിയിക്കേണ്ടതാണ്.

1-18 ഈവനിംഗ് ഒ.പി യ്ക്ക് വേണ്ടി നിയമിച്ച ഡോക്ടറുടെ ശമ്പളത്തിൽ നിന്നു ആദായനികുതി ഈടാക്കിയിട്ടില്ല.

പ്രോജക്ട് നം	16/23
പ്രോജക്ടിന്റെ പേര്	പൊരുന്നന്നൂർ സി.എച്ച്.സി. സായാഹ്ന ഒ.പി. ഡോക്ടർക്കുള്ള വേതനം നൽകൽ
അടങ്കൽ	6,50,000
ചെലവ്	6,49,199

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) പൊരുന്നന്നൂർ

പ്രോജക്ട് നമ്പർ 16/23-24 പ്രകാരം പൊരുന്നന്നൂർ സി.എച്ച്.സിയിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്ത ഈവനിംഗ് ഒ.പി യ്ക്ക് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ ഡോക്ടറെ നിയമിച്ച് (ഡോ.രഹിഷാബാനു പി) . പ്രസ്തുത ഡോക്ടർക്ക് 2023 മെയ് മുതൽ 2024 ഫെബ്രുവരി മാസം വരെയുള്ള 5,3 രൂപ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബില്ല് പ്രകാരം ആദായ നികുതി ഈടാക്കിയത കാണുന്നില്ല . ആദായ നികുതി നിയമം പ്രകാരം വാർഷിക വരുമാനം 2,50,000 / 3,00,000 രൂപ അധികമാവുന്ന പക്ഷം ആദായ നികുതി അടവാക്കേണ്ടതാണ്.

ക്രമ നം	ബിൽ സാങ്ഷൻ നം/തീയതി	തുക(₹)
1	29/12/06/2023	49677
2	30/01/07/2023	55000
3	24/01/08/2023	55000
4	102/04/09/2023	55000
5	169/10/11/2023	57000
6	173/15/11/2023	57000
7	193/01/12/2023	57000

8	251/03/01/2023	57000
9	307/05/02/2023	57000
10	354/04/03/2023	39320
	ആകെ	538997/-

ആദായനികുതി അടവാക്കാത്തതിനു കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഒ എൻകപയറിക്ക്(22/31/7/24) മറുപടി ലഭ്യമാക്കിയിട്ടില്ല. 2023 – 24 സാമ്പത്തിക വർഷം ആദായനികുതി റി ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവിൽ തുക നൽകൽ ക്രമീകരിക്കുന്നതിലെ അപാകങ്ങൾ

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ 2023-24 വർഷത്തെ കണ്ട ചെലവിനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി തുക അനുവദിക്കുന്നുണ്ട്. അനുവദിക്കുന്ന വാർഷികകണക്കിൽ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ശീർഷകത്തിൽ മു നൽകിയതായി കാണിച്ച് വിനിയോഗത്തിന് അനുസരിച്ച് ക്രമീകരിക്കുകന്നില്ല. നിർവ ഉദ്യോഗസ്ഥൻമാർക്ക് മുൻകൂർ നൽകുന്ന തുക അഡ്വാൻസ് രജിസ്റ്ററിലും ചേർക്കുന്നില്ല. ഇത് കാരണം തുക അനുവദിച്ചെന്നും അനുവദിച്ച മുഴുവൻ തുകയും വിനിയോഗിച്ചിരുന്നോയെന്നും പരിശോധിക്കുന സാധിച്ചിട്ടില്ല.

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മു അനുവദിക്കുമ്പോൾ അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ശീർഷകത്തിൽ ക കാണിക്കേണ്ടതും, വിനിയോഗത്തിന് അനുസരിച്ച് കണക്കിൽ ചെലവിൽ ഉൾപ്പെടുത്തേണ്ടതു അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-20 ഗ്രാമവണ്ടി - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ പേര്	90/2024 ഗ്രാമവണ്ടി പദ്ധതി
അടങ്കൽ -	₹ 15,00,000 (തനത് ഫണ്ട്)
ചെലവ് -	₹13,08,119

സ.ഉ(ആർ.ടി) 704/2022/ത.സ്വ.ഭ.വ തീയതി 22-03-2022 പ്രകാരം പൊതുഗതാഗത സൗകര്യം കുറ സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർ നിർദ്ദേശിക്കുന്ന സ്ഥലത്ത് ബസ് കെ.എസ്.ആർ.ടി.സി. സഹകരണത്തോടെ ഓടിക്കാവുന്നതാണെന്നും, ഇതിന്റെ ഡീസൽ ചെലവ് ര സ്ഥാപനങ്ങളുടെ തനത് ഫണ്ട്/ സംഭാവന/ പരസ്യം/സ്പോൺസർഷിപ്പ് എന്നിവ മു കണ്ടെത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസ് മാനന്തവാടി, ക്ലസ്റ്റർ ഓഫീസറുടെ ആവശ്യപ്രകാരം തൻവ ഗ്രാമവണ്ടി ഡീസൽ ചെലവ് ഇനത്തിൽ താഴെ പറയും പ്രകാരം ₹13,08,119അനുവദിച്ചിട്ടുണ്ട്.

ക്രമ നമ്പർ	ഇന്ധന ചെലവ് അനുവദിച്ച മാസം	തുക(₹)	വൗച്ചർ നമ്പർ തീയതി
1	03/2023	1,17,238	14/06-23-24 15-06-2023 ₹2,33,907
	04/2023	1,16,669	
2	05/2023	1,21,305	30/08-23-24 25-08-2023 ₹2,51,808
	06/2023	1,30,503	
3	07/2023	1,34,770	48/11-23-24 08-11-2023 ₹4,01,233
	08/2023	1,26,133	
	09/2023	1,40,330	
4	10/2023	1,44,330	76/02-23-24 08-11-2023 ₹4,21,171
	11/2023	1,36,765	
	12/2023	1,40,076	
ആകെ		13,08,119	

ബ്ലോക്ക് പഞ്ചായത്ത് കെ.എസ്.ആർ.ടി. ഡീസൽ ഇനത്തിൽ ആവശ്യപ്പെട്ട മുഴുവൻ തുകയും (ഫണ്ടിൽ നിന്ന് അനുവദിക്കുകയാണ് ചെയ്തതിരിക്കുന്നത്. സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്പോൺസർ സംഭാവന, പരസ്യം എന്നിവയിലൂടെ കണ്ടെത്തുന്നതിന് ശ്രമിച്ചിട്ടില്ല. സർക്കാർ നിർ പാലിക്കാതിരുന്നതിന്റെ കാരണം അറിയിക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9 2024)മറുപടി ലഭിച്ചിട്ടില്ല.

മാനന്തവാടി കാൻസർ സെന്ററർ, നല്ലൂർനാട് സി.എച്ച് സി എന്നിവിടങ്ങളിൽ യാത്രചെയ്യേണ്ടിവ പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന പദ്ധതിയാണിതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഒ കാലയളവിൽ പ്രതിമാസം 1,30,000 രൂപയിലധികം ബ്ലോക്ക് പഞ്ചായത്തിന് ചെലവ് വരുന്നുണ്ട്. പ തുടർനിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1- കെ.എസ്.ആർ.ടി.സി ഡീസൽ ഇനത്തിൽ ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിക്കുന മുൻപായി ചെലവ് തുകയുടെ അധികാരികത പരിശോധിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. അധിക ഗുണഭോക്താക്കൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് സ ഉണ്ടാക്കേണ്ടതും സമിതിയുടെ നിർദ്ദേശാനുസരണമാത്രം തുക അനുവദിക്കേണ്ടതുമാണ്.

2- ഗ്രാമവണ്ടി ഷെഡ്യൂൾ പ്രകാരം ഓടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

3- ഡീസൽ ചെലവിന്റെ മുഴുവൻ ചെലവും ബ്ലോക്ക് പഞ്ചായത്ത് വഹിക്കുന്നതിന് പകരം സർ നിർദ്ദേശിച്ച പ്രകാരം സ്പോൺസർഷിപ്പ്, സംഭാവന, പരസ്യം എന്നിവയിലൂടെ ഒരു വിഹ കണ്ടെത്തേണ്ടതാണ്.

4- ഗ്രാമവണ്ടി ചെലവിനത്തിലുള്ള ₹13,08,119 ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ചെലവ് ഭാഗമായി ചെലവഴിക്കുന്ന തനത് ഫണ്ട് തുകകൾ പ്രോജക്ട് ചെലവിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ

1-21 പൊരുന്നന്നൂർ സി. എച്ച്. സി. ലാബിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ അനുബന്ധ സൗകര്യം ഒരുക്കൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ₹42290 ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രോജക്ട് നമ്പർ പേര്	144/2024 പൊരുന്നന്നൂർ സി. എച്ച് സി ലാബിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ അനുബന്ധ സൗകര്യം ഒരുക്കൽ
അടങ്കൽ -	₹ 1,50,000 (ഹെൽത്ത് ഗ്രാന്റ്)
ചെലവ് -	₹1,26,870 (സി/1002/23 തീയതി 09-07-2023)

